**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **27-06-2022 - ൽ മറുപടിയ്ക്ക്**

**കറുത്ത മാസ്കിനും കറുത്ത വസ്ത്രത്തിനുമുള്ള വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും മുഖ്യമന്ത്രി യാത്ര ചെയ്യുന്ന വഴികളിലും കറുത്ത മാസ്കും വസ്ത്രവും ധരിച്ചവരെ പോലീസ് വിലക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഇത്തരത്തിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് വിശദീകരണം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും മുഖ്യമന്ത്രി യാത്ര ചെയ്യുന്ന വഴികളിലും കറുത്ത മാസ്കും കറുത്ത വസ്ത്രവും ധരിച്ചവരെ ഉത്തരവ് പ്രകാരം നിരോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഇത്തരത്തിൽ യാതൊരു ഉത്തരവും നൽകിയിട്ടില്ല. മുഖ്യമന്ത്രിയുടെ ഔദ്യോഗിക ചടങ്ങുകളിൽ പങ്കെടുക്കുന്നതിൽ നിന്നും കറുത്ത വസ്ത്രങ്ങളോ കറുത്ത മാസ്കോ ധരിച്ചവരെ തടയരുതെന്ന് കാണിച്ച് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കലൂർ മെട്രോ സ്റ്റേഷനിലേക്ക് പോകുകയായിരുന്ന കറുത്ത വസ്ത്രം ധരിച്ച രണ്ട് ട്രാൻസ്ജെൻഡേഴ്സിനെ പോലീസ് തടയുകയും ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്യുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദമാക്കാമോ; | (സി) | കലൂർ മെട്രോ സ്റ്റേഷനിലുള്ള കാൻസർ റിസർച്ച് ലാബിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അതീവ സുരക്ഷ നൽകേണ്ട Z plus കാറ്റഗറിയിലുള്ള മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ തള്ളിക്കയറാൻ ശ്രമിച്ച രണ്ട് ട്രാൻസ്ജെൻഡർമാരെ സുരക്ഷയുടെ ഭാഗമായി 151 Cr.PC പ്രകാരം നിയമാനുസരണം മുൻകരുതൽ അറസ്റ്റ് ചെയ്ത് യഥാസമയം സ്ഥലത്തുനിന്ന് നീക്കുന്ന നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കാൻ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമായ ഇത്തരം സംഭവങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കാമോ? | (ഡി) | ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിനുമേലുള്ള യാതൊരുവിധ കടന്നുകയറ്റവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ